## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 134

22/03/2013-ൽ മറുപടിയ്ക്ക്

## കുടുംബശ്രീ അംഗങ്ങളെ സാങ്കേതിക വിദഗ്ദ്ധരാക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ കെ. അച്ചുതൻ<br>ശ്രീ വി. പി. സജീന്ദ്രൻ<br>ശ്രീ എം.പി. വിൻസെന്റ് | ഡോ. എം. കെ. മുനീർ<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളെ സാങ്കേതിക വിദഗ്ദ്ധരാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കേരളത്തിലെ നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കഴിവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന വൈദഗ്ദ്ധ്യ പരിശീലന പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. ഇതു കൂടാതെ പാരമ്പര്യേതര ഊർജ്ജസംരക്ഷണ പദ്ധതിയുടെ (ഊർജ്ജശ്രീ) ഭാഗമായും സ്ത്രീകളുടെ സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധനവിനായുള്ള പരിപാടികളും ആസൂത്രണം ചെയ്തു വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നിർമ്മാണ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ സാന്നിദ്ധ്യം, വൈദഗ്ദ്ധ്യ കുറവുമൂലം കുറഞ്ഞ കൂലി, നിർമ്മാണ മേഖലയുടെ വളർച്ചയും തൊഴിൽ ലഭ്യതയും, തൊഴിലാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത, സർക്കാരിന്റെ തന്നെ നിർമ്മാണ (വീട്, സാമൂഹ്യ) പ്രവർത്തന പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക, വൈവിധ്യമുള്ള തൊഴിൽ വൈദഗ്ദ്ധ്യത്തിലൂടെ വരുമാനദായക തൊഴിൽ മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കൂട്ടുക, ഇപ്പോഴത്തെ സ്ത്രീ തൊഴിലാളികളുടെ കൂലി കുറവ് പ്രശ്നം പരിഹരിക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെ മൂന്നു തലങ്ങളിലായിട്ടാണ് ഈ പരിശീലനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.<br>(i) നിർമ്മാണ സാങ്കേതിക വിദ്യയിൽ ബിരുദമോ/ഡിപ്ലോമയോ |

യോഗ്യതയുള്ളവർക്കുള്ള കൺസൾട്ടൻസിയിലും പ്രോജക്ട്മാനേജ്മെന്റിലും പരിശീലനം

(ii) നിർമ്മാണ സാങ്കേതികവിദ്യയിൽ ഡിപ്ലോമയോ/ഐറ്റിഐ യോഗ്യതയുള്ളവർക്കുള്ള സൈറ്റ് സൂപ്പർവിഷനിലും എസ്റ്റിമേഷനിലുമുള്ള പരിശീലനം.

(iii) നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള വിവിധതരം സാങ്കേതിക പരിശീലനങ്ങൾ.

ഇതു കൂടാതെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് പരമ്പരാഗത ഊർജ്ജസംരക്ഷണവും പ്രചാരണവും, സൗരോർജ്ജ ഉത്പ്പന്നങ്ങളുടെ വിപണനവും, വിപണനാനന്തര സേവനവും 'കുടുംബശ്രീ' വഴി നടത്തുന്നതിനായി സ്ത്രീകളെ സാങ്കേതിക വദഗ്ദ്ധരാക്കുന്നതിനുള്ള പദ്ധതികൾ കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) | കേന്ദ്രസർക്കാരിന്റെ ഏജൻസിയായ ഹഡ്കോയുടെ Corporate Social Responsibility (CSR) ഫണ്ടിൽ നിന്നുമുള്ള സാമ്പത്തിക സഹായത്തോടു കൂടിയാണ് നിർമ്മാണമേഖലയിൽ പരിശീലനം നൽകുന്നത്. സാങ്കേതിക പരിശീലനം നടത്തുന്നതിനായി പരിജ്ഞാനവും, പരിചയവുമുള്ള ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏജൻസികളായ അനർട്ട്, സ്റ്റേറ്റ് എനർജി മിഷൻ, വൈദ്യുതി ബോർഡ് എന്നീ ഏജൻസികളുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2013-14 വർഷം നിർമ്മാണമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്ന 220 ഓളം സ്ത്രീകളുടെ വൈദഗ്ദ്ധ്യ വികസനമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. കൂടാതെ ഇവരെ സംയോജിപ്പിച്ച് കുടുംബശ്രീയുടെ കീഴിൽ നിർമ്മാണ സേവന ഗ്രൂപ്പുകൾ ആരംഭിയ്ക്കുന്നതിനും ഉദ്ദേശമുണ്ട്. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് 14 ജില്ലകളിലായി 2000 ത്തോളം സ്ത്രീകൾക്ക് 3 വർഷം കൊണ്ട് തൊഴിൽ ലഭ്യമാക്കണമെന്ന് പ്രതീക്ഷിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ